നൽകാവുന്നതാണെന്നും 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിലേക്കായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾക്ക് പകരമായി 1-4-2016-ന് ശേഷം മറ്റ് പ്രവൃത്തികൾ അനുവദനീയമല്ലെന്നും 12-4-2016-ലെ സർക്കുലർ നമ്പർ 33/2016/ധന പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

**പാലങ്ങളുടെ നിർമ്മാണം**

31 (1568) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ തൈച്ചേരി, ജീമംഗലം പാലങ്ങളുടെ നിർമ്മാണത്തിന് സമർപ്പിച്ചിരിക്കുന്ന ഫയലുകളിൻമേൽ (392593/Ind &; PWB(Fin),57/2016/ PWD/D-തൈച്ചേരി, ജീമംഗലം) ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങൾക്ക് മുൻഗണന നൽകി സാമ്പത്തിക അനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തൈച്ചേരി, ജീമംഗലം പാലങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന വിഷയം ഫയൽ നം.52398/Ind & PW B1/15/Fin. (Computer No.108138)-ൽ പരിശോധിക്കുകയും ഭരണാനുമതി നൽകേണ്ട തുക സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിനോട് സ്പഷ്ടീകരണം ആവശ്യപ്പെട്ടുകൊണ്ട് ഫയൽ പൊതുമരാമത്ത് വകുപ്പിന് തിരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വകുപ്പിൽനിന്നും ഫയൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) നടപ്പ് സാമ്പത്തിക വർഷത്തിലെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സാമ്പത്തികാനുമതി നൽകുന്നതാണ്.

**നികുതികളുടെയും തീരുവകളുടെയും സംസ്ഥാന വിഹിതം**

32 (1569) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടനയുടെ 268, 269 അനുച്ഛേദങ്ങളിൽ പരാമർശിച്ചതൊഴികെ കേന്ദ്ര പട്ടികയിൽ പറയുന്ന എല്ലാ നികുതികളുടെയും തീരുവകളുടെയും സംസ്ഥാന വിഹിതം കേന്ദ്രം നിർബന്ധമായും നൽകണമെന്ന് വ്യവസ്ഥയുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly